**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3899** **03-03-2023 - ൽ മറുപടിയ്ക്ക്**

**പത്തനാപുരം തറയിൽ ഫിനാൻസ് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പത്തനാപുരം തറയിൽ ഫിനാൻസ് തട്ടിപ്പ് കേസിൽ തട്ടിപ്പിനിരയായ നിക്ഷേപകർക്ക് നിക്ഷേപങ്ങൾ തിരികെ ലഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | തറയിൽ ഫിനാൻസ് തട്ടിപ്പുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽ 297 കേസുകളും കൊല്ലം റൂറൽ ജില്ലയിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളുടെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിന് 13.01.2023 തീയതിയിൽ ബഡ്സ് ആക്ട് പ്രകാരം കോംപീറ്റന്റ് അതോറിറ്റി ഉത്തരവ് നല്കുകയും തുടർനടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സ്വത്ത് വകകൾ കണ്ട് കെട്ടിയതിന് ശേഷം ജില്ലാ കളക്ടർമാർ ബഡ്സ് നിയമത്തിന്റെ പരിധിയിൽപ്പെടുന്ന കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി നിയോഗിച്ചിട്ടുള്ള ഡെസിഗ്നേറ്റഡ് കോടതികൾ മുമ്പാകെ താത്കാലികമായി സ്ഥാവര ജംഗമവസ്തുക്കൾ കണ്ടുകെട്ടിയ നടപടി സ്ഥിരപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ഡെസിഗ്നേറ്റഡ് കോടതികൾ നടപടി ശരിവയ്ക്കുകയും, പൊതുലേലത്തിലൂടെയോ, സ്വകാര്യ വിൽപ്പനയിലൂടെയോ ഇവ വിൽക്കാൻ ഉത്തരവാകുകയും ചെയ്താൽ അപ്രകാരം ലഭ്യമാകുന്ന തുക നിക്ഷേപകർക്ക് നൽകാനാകുമെന്ന് ബഡ്സ് നിയമം വിഭാവനം ചെയ്യുന്നു. |
| (ബി) | പ്രസ്തുത തട്ടിപ്പ് കേസിന്റെ തുടർനടപടികൾക്കായി ബഡ്സ് ആക്ട് പ്രകാരം കൊല്ലം ജില്ലയിൽ ബഡ്സ് കോടതി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കൊല്ലം അഡീഷണൽ ജില്ലാ & സെഷൻസ് - III കോടതിയെ ബഡ്സ് ആക്ട് പ്രകാരമുള്ള ഡെസിഗ്നേറ്റഡ് കോടതിയായി എസ്.ആർ.ഒ 894/2020 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ